REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 03-10-2024 | **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പത്തു വർഷത്തെ വിജയകരമായ സ്വച്ഛ് ഭാരത ദൗത്യം നടപ്പാക്കിയതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ലോകനേതാക്കളും സംഘടനകളും അഭിനന്ദിച്ചു.
- വികസന - ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ പ്രദേശങ്ങൾക്കും ജനങ്ങൾക്കും ഉപകരിക്കണമെന്ന ചിന്തയാണ് സംസ്ഥാന ഗവൺമെന്റിന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- ട്രെയിനുകൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾ തടയാൻ ലക്ഷ്യമിട്ട് ബോധവൽക്കരണ ക്യാമ്പയിന് രാവിലെ തിരുവനന്തപുരത്ത് തുടക്കമാകും.
- നവരാത്രി ആഘോഷങ്ങൾ ഇന്ന് ആരംഭിക്കും.
- ISL ഫുട്ബോളിൽ വൈകിട്ട് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F.Cയെ നേരിടും.

## വാർത്തകൾ വിശദമായി

**പത്തു വർഷത്തെ വിജയകരമായ സ്വച്ഛ് ഭാരത ദൗത്യം നടപ്പാക്കിയതിൽ ലോകനേതാക്കളും സംഘടനകളും പ്രധാനമന്ത്രി നരേന്ദ്രമോദിയെ അഭിനന്ദിച്ചു. രാജ്യത്ത് മെച്ചപ്പെട്ട സാനിറ്റേഷൻ സൗകര്യങ്ങളും, ശുചിത്വവും ഉറപ്പുവരുത്താൻ ദൗത്യം ഏറെ പ്രയോജനപ്പെട്ടതായി അവർ സന്ദേശത്തിൽ പറഞ്ഞു. ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അഥാനം ഗബ്രിയേസസ്, ലോകബാങ്ക് പ്രസിഡണ്ട് അജയ്ഭംഗ, ഏഷ്യൻ വികസന ബാങ്ക് പ്രസിഡണ്ട് മസാസുഗു അസക്കാവ, മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ്, ടാറ്റാ ട്രസ്റ്റ് ചെയർമാൻ രത്തൻ ടാറ്റ**

തുടങ്ങിയവർ സ്വച്ഛ് ഭാരത് ദൗത്യത്തെ അഭിനന്ദിച്ച് മോദിയ്ക്ക് സന്ദേശങ്ങളയച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് രാജസ്ഥാനിലെത്തും. ഉദയ്പൂരിൽ മോഹൻലാൽ സുഖാദിയ സർവകലാശാലയുടെ 32-ാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ വിദേശകാര്യമന്ത്രാലയം കടുത്ത ആശങ്ക അറിയിച്ചു. സിവിലിയൻമാരുടെ ജീവന് ഭീഷണിയുണ്ടാകുന്ന തരത്തിൽ സുരക്ഷ തകരാൻ സംഘർഷം വഴിയൊരുക്കിയതായി മന്ത്രാലയം വിലയിരുത്തി. സംഘർഷം കൂടുതൽ വളരാനും, മേഖലയാകെ ഭീഷണിയിലാകാനും സാധ്യതയുണ്ടെന്നും പ്രശ്നങ്ങൾ സംഭാഷണത്തിലൂടെയും, നയതന്ത്രത്തിലൂടെയും പരിഹരിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

✪✪✪

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. 90 അംഗ നിയമസഭയിലേക്ക് ഒറ്റഘട്ടമായി ശനിയാഴ്ചയാണ് വോട്ടെടുപ്പ്. ഈ മാസം എട്ടിന് ജമ്മു കശ്മീരിലെയും, ഹരിയാനയിലെയും വോട്ടെണ്ണും.

✪✪✪

വികസന - ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങൾക്കും ജനവിഭാഗങ്ങൾക്കും ഉപകരിക്കണമെന്ന ചിന്തയാണ് സംസ്ഥാന ഗവൺമെന്റിനെ നയിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അത്തരം പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ എന്തൊക്കെ ശ്രമങ്ങളുണ്ടായാലും ഗവൺമെന്റ് പിന്നോട്ടുപോകില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ആറ്റിങ്ങലിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ട്രൈബൽ പ്ലസിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച അഗളി ഗ്രാമപഞ്ചായത്തിന് മഹാത്മ ഗോത്ര സമൃദ്ധി പുരസ്കാരവും മുഖ്യമന്ത്രി സമ്മാനിച്ചു.

ഒക്ടോബർ 15 ന് വയനാട്ടിലെ മാനന്തവാടിയിൽ പക്ഷാപചരണത്തിന്റെ സമാപന സമ്മേളനം മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്യും.

✪✪✪

ട്രെയിനുകൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾ തടയാൻ ലക്ഷ്യമിട്ട് റെയിൽവേ സംഘടിപ്പിക്കുന്ന ബോധവൽക്കരണ ക്യാമ്പയിന് ഇന്ന് തുടക്കമാകും. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ രാവിലെ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യും. ട്രെയിനുകൾക്കുനേരെ ഉണ്ടാകുന്ന കല്ലേറ്, റെയിൽപ്പാളങ്ങളിൽ തടസമുണ്ടാക്കൽ, പാത മുറിച്ചു കടക്കുമ്പോളുണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്കെതിരായ ബോധവൽക്കരണമാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. ഒക്ടോബർ ഏഴുവരെ സംസ്ഥാനത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ബോധവൽക്കരണ പരിപാടികളുണ്ടായിരിക്കും.

✪✪✪

മന്ത്രി AK ശശീന്ദ്രനെ സ്ഥാനത്തു നിന്ന് മാറ്റി, പകരം തോമസ് K തോമസിനെ മന്ത്രിയാക്കാൻ PC ചാക്കോയ്ക്ക് അധികാരമില്ലെന്ന് NCP സംസ്ഥാന പ്രസിഡണ്ട് NA മുഹമ്മദ് കുട്ടി പറഞ്ഞു. ഇക്കാര്യം കാണിച്ച് അദ്ദേഹം മുഖ്യമന്ത്രിക്ക് കത്തയച്ചു.

✪✪✪

ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ കൊണ്ടുവരുന്ന മികച്ച രീതികൾക്ക് ഹഡ്കോ ഏർപ്പെടുത്തിയ അവാർഡിന് കൊച്ചി വാട്ടർ മെട്രോ പദ്ധതിയെ തെരഞ്ഞെടുത്തു. നഗര- ജല ഗതാഗത മേഖലയിൽ വൈദ്യുതി ഹൈബ്രിഡ് ബോട്ട് സർവീസ് ആരംഭിച്ച പദ്ധതി മുൻനിർത്തിയാണ് അവാർഡ്.

ഈ മാസം ഒൻപതിന് ഡൽഹിയിൽ അവാർഡ് സമ്മാനിക്കും.

✪✪✪

നിയമസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവർക്ക് അനുശോചനമർപ്പിച്ച് നാളെ സഭ പിരിയും. ഏഴിന് വീണ്ടും ചേരും.

തൃശൂർ പൂരം അലങ്കോലമാക്കൽ, പി വി അൻവർ ഉയർത്തിവിട്ട വിവാദങ്ങൾ, ഹേമ കമ്മിറ്റി റിപ്പോർട്ട് തുടങ്ങി വിവിധ വിഷയങ്ങൾ നിയമസഭയിൽ ചൂടേറിയ ചർച്ചയായേക്കും.

✪✪✪

CPIM - CPI സംസ്ഥാന നേതൃ യോഗങ്ങൾക്ക് ഇന്ന് തുടക്കമാകും. ഇന്ന് സംസ്ഥാന സെക്രട്ടേറിയറ്റും നാളെ സംസ്ഥാന സമിതിയും ചേരും.

വിവിധ രാഷ്ട്രീയ വിവാദങ്ങൾ യോഗങ്ങളിൽ ചർച്ചയാകും.

✪✪✪

ADGP അജിത് കുമാറിന് എതിരായ പരാതികളിലെ അന്വേഷണ റിപ്പോർട്ട് DGP ഇന്ന് മുഖ്യമന്ത്രിക്ക് നൽകിയേക്കും. PV അൻവർ നൽകിയ പരാതികളിൽ അന്വേഷണം നടത്തി, റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക സംഘത്തിന് നൽകിയ ഒരു മാസകാലാവധി ഇന്ന് അവസാനിക്കും.

✪✪✪

നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. ദുർഗ്ഗാദേവിയെ വിവിധ ഭാവങ്ങളിൽ ആരാധിക്കുന്ന നാളുകളാണ് നവരാത്രി .

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).......

ആദ്യ മൂന്ന് ദിവസം ദേവിയെ മഹാകാളിയായും അടുത്ത മൂന്ന് ദിവസം മഹാലക്ഷ്മിയായും അവസാന മൂന്ന് നാൾ മഹാസരസ്വതിയായും സങ്കൽപ്പിച്ച് പൂജ നടത്തും. ഇന്ന് ശൈലപുത്രി സങ്കല്പത്തിലാണ് പൂജ. കേരളത്തിൽ സരസ്വതീ പൂജയ്ക്ക് പ്രാധാന്യം നൽകി ഈ മാസം 13 ന് വിദ്യാരംഭം നടത്തും.

കോഴിക്കോട്ട് നവരാത്രി ആഘോഷപരിപാടികൾ രാവിലെ 11-ന് ചാലപ്പുറം കേസരിഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ആരിഫ്ഖാൻ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരത്ത് നവരാത്രി ഘോഷ യാത്രയോടനുബന്ധിച്ച് രാവിലെ 11 മണി മുതൽ രാത്രി 8 വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നവരാത്രി ഘോഷയാത്ര കടന്നു പോകുന്ന സമയങ്ങളിൽ പള്ളിച്ചൽ മുതൽ

ശ്രീപദ്മനാഭസ്വാമിക്ഷേത്രം വരെ റോഡിൽ വൻതിരക്ക് അനുഭവപ്പെടാൻ സാധ്യത പരിഗണിച്ചാണ് ക്രമീകരണം.

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പിന്റെ ഒമ്പതാം പതിപ്പിന് UAE യിലെ ഷാർജയിൽ ഇന്ന് തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ ബംഗ്ലാദേശ് അരങ്ങേറ്റക്കാരായ സ്കോട്ട്ലൻഡിനെ നേരിടും. നാളെ ന്യൂസിലൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

ഈ മാസം 20ന് സമാപിക്കുന്ന വനിതാ ട്വന്റി 20 ലോകകപ്പിൽ പത്ത് ടീമുകളാണ് പങ്കെടുക്കുന്നത്. ഞായറാഴ്ചയാണ് ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഇന്ത്യ-പാകിസ്ഥാൻ മത്സരം.

കഴിഞ്ഞ മൂന്ന് തവണ വനിതാ ട്വന്റി - 20 ലോകകപ്പ് കിരീടം നേടിയ നിലവിലെ ചാമ്പ്യൻമാരായ ഓസ്ട്രേലിയ, ഇന്ത്യ, ന്യൂസിലാൻഡ്, പാകിസ്ഥാൻ, ശ്രീലങ്ക എന്നിവർക്കൊപ്പം ഗ്രൂപ്പ് A യിലാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F.Cയെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ മുംബൈയിൽ, മുംബൈ സിറ്റി FC - ബംഗളൂരു FC മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് മഹീന്ദ്ര സൂപ്പർ ലീഗ് കേരളയിലെ തിരുവനന്തപുരം കൊമ്പൻസ് - മലപ്പുറം FC മത്സരം സമനിലയിൽ പിരിഞ്ഞു. ഇരുടീമുകളും ഓരോ ഗോളടിച്ചു.

ലീഗിൽ അഞ്ച് റൗണ്ട് പൂർത്തിയായപ്പോൾ ആറ് പോയന്റോടെ കൊമ്പൻസ് നാലാമതും, അഞ്ച് പോയന്റോടെ മലപ്പുറം അഞ്ചാം സ്ഥാനത്തുമാണ്. ഇന്നും നാളെയും കളിയില്ല. ശനിയാഴ്ച കോഴിക്കോട് EMS സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സ് FC, തൃശൂർ മാജിക് FC യെ നേരിടും.

✪✪✪

മൂന്ന് ദിവസത്തെ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം ഇന്ന് കണ്ണൂരിൽ തുടങ്ങും. കണ്ണൂർ മുൻസിപ്പൽ സ്കൂൾ, തളാപ്പ് മിക്സ്ഡ് UP

സ്കൂൾ എന്നിവിടങ്ങളിലെ എട്ട് വേദികളിലെ മത്സരത്തിൽ 1600-ഓളം വിദ്യാർത്ഥികൾ പങ്കെടുക്കും.

✪✪✪

കൊല്ലം- എറണാകുളം റൂട്ടിൽ ഒക്ടോബർ ഏഴു മുതൽ മെമു ട്രെയിൻ സർവീസ് ആരംഭിക്കും. രാവിലെ 6.15 ന് കൊല്ലത്തു നിന്ന് പുറപ്പെട്ട് 9-35 ന് എറണാകുളത്ത് എത്തുന്ന തരത്തിലായിരിക്കും സർവീസെന്ന് കൊടിക്കുന്നിൽ സുരേഷ് MP അറിയിച്ചു. 9-50 ന് മടക്കയാത്ര ആരംഭിക്കുന്ന ട്രെയിൻ ഉച്ചയ്ക്ക് 1-30 ന് കൊല്ലത്തെത്തും. തിങ്കൾ മുതൽ വെള്ളി വരെയായിരിക്കും സർവീസ്. ഈ റൂട്ടിലെ ഗതാഗത തിരക്കും അസൗകര്യങ്ങളും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിനെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ട്രെയിൻ സർവീസ് അനുവദിച്ചതെന്ന് കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് പരക്കെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് അറിയിച്ചു. ശക്തമായ മഴസാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

കൂറുമാറ്റത്തെ തുടർന്ന് ആലപ്പുഴ മുട്ടാർ പഞ്ചായത്തിലെ രണ്ട് അംഗങ്ങളെ തിരഞ്ഞെടുപ്പ് കമ്മീഷൻ ആറു വർഷത്തേക്ക് അയോഗ്യരാക്കി. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ബോബൻ ജോസ്, മുൻ പഞ്ചായത്ത് പ്രസിഡൻറ് ലിനി ജോളി എന്നിവർക്കാണ് അയോഗ്യത. 2020ലെ തിരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് സ്ഥാനാർത്ഥികളായി മത്സരിച്ച ഇവർ LDF ലെ ജനാധിപത്യ കോൺഗ്രസിൽ ചേർന്നതിനെ തുടർന്നാണ് നടപടി.

✪✪✪

ദേശീയ ക്ഷയരോഗ നിവാരണ പരിപാടിയുടെ ഭാഗമായി കാസർകോട് ജില്ലയിലെ കഴിഞ്ഞ വർഷത്തെ ക്ഷയരോഗമുക്ത പഞ്ചായത്ത് പുരസ്കാരങ്ങൾ ഇന്ന് വിതരണം ചെയ്യും. കളക്ടറേറ്റ് കോൺഫറൻസ് ഹാളിലെ ചടങ്ങിൽ ബെള്ളൂർ, വലിയപറമ്പ്, പടന്ന, കയ്യൂർ ചീമേനി, ചെറുവത്തൂർ പഞ്ചായത്തുകൾ അവാർഡ് ഏറ്റുവാങ്ങും.

✪✪✪

തലാസീമിയ രോഗികളുടെ മജ്ജമാറ്റിവെക്കൽ ശസ്ത്രക്രിയയിൽ പണ്ടുണ്ടായിരുന്ന സങ്കീർണ്ണതകൾ പുതിയ സാങ്കേതികവിദ്യയിലൂടെ കുറച്ച് കൊണ്ട് വരാൻ കഴിഞ്ഞിട്ടുണ്ടെന്ന് പ്രശസ്ത രക്ത രോഗവിദഗ്ധൻ ഡോ. സുനിൽ ഭട്ട് പറഞ്ഞു. കേരള ബ്ലഡ് പേഷ്യന്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ കോഴിക്കോട്ട് സംഘടിപ്പിച്ച തലാസീമിയ രോഗികളുടെ കുടുംബ സംഗമവും സൗജന്യ പരിശോധനാ ക്യാമ്പും ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. സുനിൽഭട്ട്.

✪✪✪

സമസ്ത കേരള ജംഇയ്യത്തൽ ഉലമാ കോട്ടയം ജില്ലാ പ്രസിഡന്റും പ്രമുഖ പണ്ഡിതനുമായ കോട്ടയം A.K മുഹമ്മദ് സാലിഹ് മുസ്ലിയാർ നിര്യാതനായി. 78 വയസ്സായിരുന്നു. കബറടക്കം താഴത്തങ്ങാടി മുസ്ലിം ജമാഅത്ത് കബർസ്ഥാനിൽ നടത്തി.

✪✪✪

കോഴിക്കോട് സ്വദേശിയിൽ നിന്ന് ഓൺലൈൻ സൈബർ തട്ടിപ്പ് വഴി നാല് കോടിയിൽപ്പരം രൂപ തട്ടിയെടുത്ത കേസിൽ രാജസ്ഥാനിലെ ബഡി സാദരിയിൽ നിന്ന് മുഖ്യ പ്രതിയെയും കൂട്ടു പ്രതിയെയും കോഴിക്കോട് സൈബർ പൊലീസ് സംഘം സാഹസികമായി അറസ്റ്റ് ചെയ്തു. തട്ടിയെടുത്ത പണം ഇവർ ചൂതാട്ട ചൂതാട്ട കേന്ദ്രങ്ങളിലും ഓൺലൈൻ ചൂതാട്ടത്തിനും ചെലവഴിച്ചതായി പൊലീസ് കണ്ടെത്തി.

✪✪✪

രണ്ട് സാമൂഹ്യ പെൻഷന് അർഹരായ ഭിന്നശേഷികാർക്ക് അവ പൂർണ്ണമായി നൽകണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ഭിന്നശേഷിക്കാരുടെ വീടുകളിൽ സോളാർ പാനൽ സൗജന്യമായി സ്ഥാപിക്കണമെന്നും പ്രമേയത്തിൽ സമ്മേളനം ആവശ്യപ്പെട്ടു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪